"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- SASCI സ്കീമിൽ ഉൾ പ്പെടുത്തി ഇടുക്കി മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.3986/2025/H&FWD തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-
1. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 11.11.2025 തീയതിയിലെ 44(1)PF-S/2025-26(CAPEX)-Kerala നമ്പർ കത്ത്.
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 11.12.2025 തീയതിയിലെ PB2-2798/2025/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം SASCI സ്കീം മുഖേന ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ 'Setting up of Modular Operation Theater with equipments and medical gas pipelines' എന്ന പദ്ധതിക്കായി ആകെ ₹5.20 കോടി രൂപ കേന്ദ്ര ധനകാര്യ മന്ത്രാലയം അനുവദിച്ച് നൽകുകയുണ്ടായി. പ്രസ്തുത തുകയിൽ ഇടുക്കി മെഡിക്കൽ കോളേജിൽ MGPS സ്ഥാപിക്കുന്നതിനും അതിനനുബന്ധമായുള്ള Gas Manifold Room സ്ഥാപിക്കുന്നതിനുമായി ₹3,59,90,151/- രൂപയുടെ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. തുടർന്ന് SASCI സ്കീം മുഖേന അനുവദിച്ച ₹5.20 കോടി രൂപയിൽ MGPS സ്ഥാപിക്കുന്നതിനും അതിനനുബന്ധമായുള്ള Gas Manifold Room സ്ഥാപിക്കുന്നതിനുമായി സമർപ്പിച്ച ₹3,59,90,151/- രൂപയുടെ പ്രൊപ്പോസൽ പോകെ ബാക്കിവരുന്ന തുകയിൽ ₹1,59,80,200/- രൂപ ഉപയോഗിച്ച് ഇടുക്കി മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതിയും ക്രയാനുമതിയും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ SASCI സ്കീം മുഖേന ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ **'Setting up of Modular Operation Theatre with equipments and medical gas pipelines'** എന്ന പദ്ധതിക്കായി ആകെ അനുവദിച്ച ₹5.20 കോടി രൂപയിൽ നിന്നും **₹1,59,80,200/- രൂപ (ഒരു കോടി അൻപത്ത് ഒൻപത് ലക്ഷത്തി എൺപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം)** ഉപയോഗിച്ച് ഇടുക്കി മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതിയും ക്രയാനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

4. പ്രസ്തുത തുക SASCI സ്കീം മാനദണ്ഡങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ. മെഡിക്കൽ കോളേജ് , ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (3360967/എച്ച്.എൽ.റ്റി-എ2/261/2025-ധന തീയതി 18.12.2025 പ്രകാരം)

ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പിന്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/158/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Gayathri G
Date: 26-12-2025 13:06:06